**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4189** **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ചിട്ടി വരിക്കാർക്ക് ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടി വരിക്കാർക്ക് ഇൻഷുറൻസ് പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നിർത്തലാക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ നേരിട്ട് നടത്തുന്ന അത്യാഹിത പരിരക്ഷാ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. ആയത് പ്രകാരം 15/02/2021 മുതൽ ചിട്ടിയിൽ ചേർന്നവർ വിളിച്ചെടുത്ത് പണം കൈപ്പറ്റി ദൗർഭാഗ്യവശാൽ മരണപ്പെടുകയാണെങ്കിൽ, മരണപ്പെടുന്ന സമയത്ത് വരിക്കാരന്റെ/ വരിക്കാരിയുടെ പ്രായം 40 വയസ്സിന് മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള മേൽബാധ്യതയും, 40 വയസ്സിന് താഴെയാണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള മേൽ ബാധ്യതകളും കമ്പനി വഹിച്ചുവരുന്നു. |
| (ബി) | നിശ്ചിത സംഖ്യ പ്രീമിയമായി ഈടാക്കി മരണപ്പെടുന്ന ഇടപാടുകാരുടെ ബാധ്യത തീർക്കുന്നതിന് സഹായകമാവുന്ന രീതിയിൽ ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ബി) | നിശ്ചിത പ്രീമിയമായി ഈടാക്കി മരണപ്പെടുന്ന ഇടപാടുകാരുടെ ബാധ്യത തീർക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ